**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2850** **18-03-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള സെൽഫ് എംപ്ലോയ്മെന്റ് സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ .സി .ബാലകൃഷ്ണൻ** | | **null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള സെൽഫ് എംപ്ലോയ്മെന്റ് സ്കീം വഴി കഴിഞ്ഞ അഞ്ച് വർഷം ഏതെല്ലാം പദ്ധതികൾക്ക് എത്ര രൂപ അനുവദിച്ചുവെന്നും ഓരോ പദ്ധതിക്ക് ഇതുവരെ എത്ര രൂപ ചെലവഴിച്ചുവെന്നും അറിയിക്കാമോ; ഓരോ വർഷവും അനുവദിച്ചതിന്റെയും ചെലവഴിച്ചതിന്റെയും പദ്ധതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള സെൽഫ് എംപ്ലോയ്മെന്റ് സ്കീം പ്രകാരം ചെറുകിട സംരംഭങ്ങൾക്കാണ് ബാങ്കുകൾ അനുവദിക്കുന്ന സ്വയം തൊഴിൽ വായ്പകൾക്ക് സബ്സിഡി നൽകുന്നത് . ഓരോ വർഷവും അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിൽ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച വിലയിരുത്തൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; എ.ജി.യുടെ അന്വേഷണത്തിൽ ഏതെല്ലാം പദ്ധതികളിൽ അഴിമതി നടന്നതായി കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് വിലയിരുത്തൽ റിപ്പോർട്ടിൽ സ്വയംതൊഴിൽ സബ്സിഡി പദ്ധതിയെപ്പറ്റി പരാമർശമില്ല. ടി പദ്ധതിയിൽ അഴിമതി നടന്നതായി എ.ജിയുടെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) | ആറളം ഫാമിങ് കോർപ്പറേഷൻ കഴിഞ്ഞ അഞ്ച് വർഷം എന്തെല്ലാം പദ്ധതികൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; അവിടെ ആന സംരക്ഷണ കേന്ദ്രം തുടങ്ങാൻ പദ്ധതി തയാറാക്കിയിട്ടുണ്ടോ; റിപ്പോർട്ട് ലഭ്യമാക്കാമോ; | (സി) | ആറളം ഫാമിങ് കോർപ്പറേഷൻ കഴിഞ്ഞ അഞ്ചു വർഷം നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്. ആറളം ഫാമിങ് കോർപ്പറേഷൻ ആന സംരക്ഷണകേന്ദ്രം തുടങ്ങുന്നത് സംബന്ധിച്ച് പദ്ധതികളൊന്നും പട്ടികവർഗ്ഗ വികസന വകുപ്പ് തയ്യാറാക്കിയിട്ടില്ല. |
| (ഡി) | കഴിഞ്ഞ അഞ്ച് വർഷം പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് പ്രസ്തുത കോർപ്പറേഷന് എത്ര രൂപ നൽകി എന്നറിയിക്കാമോ; പ്രസ്തുത തുക എന്തിനെല്ലാമാണ് ചെലവഴിച്ചതെന്നും അഞ്ചു വർഷത്തിൽ ഓരോ വർഷത്തെയും വരുമാനം എത്രയാണെന്നും ചെലവ് എത്രയാണെന്നും ലാഭവും നഷ്ടവും ഓരോ വർഷവും ഏത്രയാണെന്നും അറിയിക്കാമോ? | (ഡി) | കഴിഞ്ഞ 5 വർഷം (2017-2021) പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ആറളം ഫാമിംഗ് കോർപ്പറേഷന് 19.72 കോടി രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത തുക ആറളം ഫാമിംഗ് കോർപ്പറേഷനിലെ ജീവനക്കാരുടെയും തൊഴിലാളികളുടെയും ശമ്പളം, വേതനം, ബോണസ്, ഗ്രാറ്റുവിറ്റി, ആർജ്ജിതാവധി സറണ്ടർ, മറ്റ് അലവൻസുകൾ എന്നിവയ്ക്കും ആറളം ഫാം നവീകരണത്തിനുമാണ് ചെലവഴിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | കഴിഞ്ഞ അഞ്ചു വർഷത്തിൽ ആറളം ഫാമിംഗ് കോർപ്പറേഷന്റെ വരുമാനം എത്രയാണെന്നും ചെലവ് എത്രയാണെന്നും ലാഭവും നഷ്ടവും എത്രയാണെന്നും വർഷം തിരിച്ചുള്ള കണക്ക് ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം | വർഷം | അനുവദിച്ച തുക ലക്ഷത്തിൽ | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 2016-17 | 400.00 | 38907829.00 | 542 |
| 2 | 2017-18 | 400.00 | 29936535.00 | 406 |
| 3 | 2018-19 | 400.00 | 22794595.00 | 297 |
| 4 | 2019-20 | 400.00 | 15681983.00 | 207 |
| 5 | 2020-21 | 400.00 | 19098051.00 | 244 |

സെക്ഷൻ ഓഫീസർ